**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3014** **07-10-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി സംരക്ഷണത്തിനായി ലഭിച്ച കേന്ദ്രഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സംരക്ഷണത്തിനും വന്യജീവി ആവാസവ്യവസ്ഥയുടെ സമഗ്രവികസനത്തിനുമായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ലഭിച്ച കേന്ദ്ര ഫണ്ടിന്റെ വിശദാംശം നൽകാമോ; | (എ) | വന്യജീവി സംരക്ഷണത്തിനും വന്യജീവി ആവാസവ്യവസ്ഥയുടെ സമഗ്രവികസനത്തിനുമായിട്ടുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2021- 2022 മുതൽ നാളിതുവരെ കേന്ദ്ര വിഹിതമായി 9261.89 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. (വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു) |
| (ബി) | അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ലാപ്സായ തുകയെത്രയെന്നും അറിയിക്കുമോ; തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | 2021-22 മുതൽ നാളിതുവരെ വന്യജീവി സംരക്ഷണത്തിനും വന്യജീവി ആവാസവ്യവസ്ഥയുടെ സമഗ്രവികസനത്തിനുമായിട്ടുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുകയിൽ 8133.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ പദ്ധതിക്കും അതത് സാമ്പത്തിക വർഷത്തിൽ മുഴുവൻ തുകയും ചിലവഴിക്കാത്ത സാഹചര്യം ഉണ്ടായാൽ മേൽ പ്രവർത്തികൾ പിന്നീട് വരുന്ന സാമ്പത്തികവർഷങ്ങളിലെ അതതു പദ്ധതികളിൽ ഉൾപ്പെടുത്താറുണ്ട്.അഗസ്ത്യമല ബയോസ്ഫിയർ റിസർവ് പദ്ധതിയുടെ 2024-25 സാമ്പത്തിക വർഷത്തിലെ രണ്ടാം ഗഡു മുതൽ SNA SPARSH മുഖേനയാണ് തുക അനുവദിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം (2025-26) SNA SPARSH സംവിധാനത്തിലൂടെയാണ് മുഴുവൻ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ഫണ്ട് വിതരണം നടത്തിവരുന്നത്. |
| (സി) | വന്യജീവി ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നത് വഴി മൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നതുമൂലമുണ്ടാകുന്ന മനുഷ്യ - വന്യജീവി സംഘർഷങ്ങൾ കുറയ്ക്കാമെന്നതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | വന്യജീവി ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നത് വഴി മൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നതുമൂലമുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.<br><br>വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 10 ന് ആരംഭിച്ചു. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുററപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതിയുടെ ഒന്നാം ഘട്ടമായി 2025 ഫെബ്രുവരി 1 മുതൽ സംസ്ഥാനത്തെ വനമേഖലകളിലെ വയലുകൾ, ചെക്ക്ഡാമുകൾ, കുളങ്ങൾ, പുൽമേടുകൾ, തുറസ്സായ സ്ഥലങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുകയും രണ്ടാം ഘട്ടത്തിൽ പരിപാലന പ്രവർത്തനങ്ങൾക്ക് വേണ്ട ഫണ്ടും മാനവശേഷിയും സമാഹരിച്ച് പ്രവൃത്തികൾ നടത്തിയിട്ടുള്ളതുമാണ്. മെയ് മാസം മുതൽ ആരംഭിച്ച മൂന്നാം ഘട്ടത്തിൽ അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനത്തിനാണ് പ്രാധാന്യം നൽകിയത്. കൺട്രോൾ ബേണിംഗ് (Control Burning) നടത്തി പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ യജ്ഞം ഊന്നൽ നൽകുന്നുണ്ട്.<br><br>വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

*അനുബന്ധം*

കേരള വനം വകുപ്പ്

**വന്യജിവി സംരക്ഷണത്തിനും വന്യജീവി ആവാസവ്യവസ്ഥയുടെ സമഗ്രവികസനത്തിനുമായിട്ടുള്ള**

**വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2021-22 മുതൽ ലഭിച്ച തുകയും വിനിയോഗിച്ച് തുകയും**

*(തുക ലക്ഷം രൂപയിൽ)*

| സ്കീം | 2020-21 | | 2021-22 | | 2022-23 | | 2023-24 | | 2024-25 | | 2025-26 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | റിലീസ് | ചെലവ് | റിലീസ് | ചെലവ് | റിലീസ് | ചെലവ് | റിലീസ് | ചെലവ് | റിലീസ് | ചെലവ് | റിലീസ് | ചെലവ് | റിലീസ് | ചെലവ് |
| ഐ.ഡി.ഡബ്ല്യ.എച്ച്. | 1277.64 | 1276.84 | 305.49 | 214.53 | 315.43 | 313.43 | 923.04 | 922.98 | 909.69 | 639.42 | | | 3731.29 | 3367.20 |
| പ്രോജക്റ്റ് എലിഫന്റ് | 574.56 | 574.56 | 580.96 | 523.19 | 319.33 | 311.27 | 350.97 | 331.28 | 90.71 | 90.17 | 180.35 | 28.08 | 2096.88 | 1858.55 |
| പ്രോജക്റ്റ് ടൈഗർ | 414.69 | 414.69 | 868.78 | 857.70 | 428.66 | 428.66 | 653.31 | 609.75 | 193.92 | 193.92 | 538.92 | 118.40 | 3098.28 | 2623.12 |
| അഗസ്ത്യവനം ബയോസ്ഫിയർ റിസർവ് | 10.09 | 10.09 | 122.69 | 122.69 | 53.54 | 52.69 | 44.36 | 43.86 | 51.27 | 45.35 | 53.50 | 9.94 | 335.45 | 284.62 |
| **ആകെ** | **2276.98** | **2276.18** | **1877.92** | **1718.11** | **1116.96** | **1106.05** | **1971.68** | **1907.87** | **1245.59** | **968.86** | **772.77** | **156.42** | **9261.89** | **8133.49** |